**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 224** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>സുഭിക്ഷ ഹോട്ടലുകൾക്കുള്ള സബ്സിഡി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. കെ. പ്രവീൺ

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് സുഭിക്ഷ ഹോട്ടലുകളുടെ നിലനിൽപ്പിന് പുതുതായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ;

**<u>മറുപടി:</u>** സംസ്ഥാനത്ത് സുഭിക്ഷ ഹോട്ടലുകളുമായി ബന്ധപ്പെട്ട് പുതിയ പദ്ധതികളൊന്നും ആവിഷ്ക്കരിച്ചിട്ടില്ല.

**(ബി)** സുഭിക്ഷ ഹോട്ടലുകൾ വഴി ഊണ് നൽകിയ വകയിൽ ആളൊന്നിന് അഞ്ച് രൂപ നിരക്കിൽ അനുവദിച്ച സബ്സിഡി തുകയുടെ വിതരണം വൈകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

**<u>മറുപടി:</u>** വിശപ്പ് രഹിത കേരളം - സുഭിക്ഷ പദ്ധതി പ്രകാരം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സുഭിക്ഷാ ഹോട്ടലുകൾക്ക് കൃത്യമായ കണക്ക് സമർപ്പിക്കുന്ന മുറയ്ക്ക് തുക പരിശോധിച്ച് പാസാക്കി അനുവദിച്ച് നൽകിവരുന്നുണ്ട്.

**(സി)** സുഭിക്ഷ ഹോട്ടലുകൾ നടത്തിവരുന്ന കുടുംബശ്രീ ഉൾപ്പെടെയുള്ള സംഘങ്ങൾക്ക് യഥാസമയം സബ്സിഡി തുക ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ?

**<u>മറുപടി:</u>** വിശപ്പ് രഹിത കേരളം - സുഭിക്ഷ പദ്ധതി പ്രകാരം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സുഭിക്ഷാ ഹോട്ടലുകൾക്ക് കൃത്യമായ കണക്ക് സമർപ്പിക്കുന്ന മുറയ്ക്ക് തുക പരിശോധിച്ച് പാസാക്കി അനുവദിച്ച് നൽകിവരുന്നുണ്ട്. സുഭിക്ഷ ഹോട്ടൽ നടത്തിപ്പ് ചുമതലയുള്ളവർ ഓരോ മാസത്തെയും വിതരണം ചെയ്ത ഊണിന്റെ കണക്ക് താലൂക്ക് സപ്ലൈ ഓഫീസിൽ സമർപ്പിക്കുന്ന മുറയ്ക്ക് റേഷനിങ് ഇൻസ്പെക്ടർമാർ വഴി പരിശോധിച്ച് ഉറപ്പാക്കി, ജില്ലാ സപ്ലൈ ആഫീസർ വഴി ശുപാർശയും അനുബന്ധ രേഖകളും ലഭ്യമാക്കി, സിവിൽ സപ്ലൈസ് കമ്മീഷണറേറ്റ് തലത്തിൽ നിന്ന് സുഭിക്ഷ ഹോട്ടലുകൾക്ക് സബ്സിഡി തുക പരിശോധിച്ച് പാസാക്കി അനുവദിച്ച് നൽകിവരുന്നുണ്ട്. ഇതിന് പുറമേ വൈദ്യുതി ചാർജ്ജ് , വെള്ളക്കരം ,കെടിടവാടക, ശുചീകരണ ബിൽ എന്നിവയും സുഭിക്ഷ ഹോട്ടലുകളുടെ ആവർത്തന ചെലവിനത്തിൽ അനുവദിച്ച് നൽകിവരുന്നു. ഓരോ സാമ്പത്തികവർഷത്തേക്കും വിശപ്പ് രഹിത കേരളം - സുഭിക്ഷ പദ്ധതിക്കായി അനുവദിക്കുന്ന ബഡ്ജറ്റ് വിഹിതത്തിൽ നിന്നുമാണ് മേൽ തുകകൾ അനുവദിച്ചു നൽകുന്നത്. ഒരു മാസത്തെ ബില്ല്

തൊട്ടടുത്ത മാസം പതിനഞ്ചാം തീയതിക്കകം തന്നെ താലൂക്ക് സപ്ലൈ ഓഫീസർക്ക് സമർപ്പിക്കണമെന്നും ആയതിന്റെ അടിസ്ഥാനത്തിൽ മാത്രമേ തുടർ നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ എന്നതിനാൽ സുഭിക്ഷ ഹോട്ടൽ തലത്തിൽ നിന്ന് ക്ലെയിമുകൾ സമയബന്ധിതമായി സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**